# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 520 | 24-07-2015 ൽ മറുപടിയ്ക്ക്. |

### ജലസമൃദ്ധ കേരളം പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.പി.ടി.എ.റഹീം | | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | മുൻ ബഡ്ജറ്റിൽ മുൻഗണനാ പരിപാടികളിൽ ഒന്നായി ഉൾപ്പെടുത്തിയിരുന്ന ജലസമൃദ്ധ കേരളം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) & (ബി) | "ജലസമൃദ്ധ കേരളം പദ്ധതി" 2014-15 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്നു. ജലദൗർലഭ്യം തടയുന്നതിനായി മഴവെള്ളം ശേഖരിച്ചു വയ്ക്കുന്നതോടൊപ്പം ജലം ഭൂമിയിൽ തന്നെ പിടിച്ചു നിർത്തുന്നതിനുമായി ചെറുകിട ജലസംഭരണ സംവിധാനങ്ങൾ ഒരുക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് പ്രഖ്യാപിച്ചിരുന്നത്. എന്നാൽ ബഡ്ജറ്റിൽ ഇതിനായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. |
| (ബി) | പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ